**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 487** **17-03-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ സ്ഥാപനങ്ങളിൽ ടീം ഓഡിറ്റ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് സംവിധാനം കാര്യക്ഷമമല്ലാത്തത് മൂലം സ്ഥാപനങ്ങളുടെ നടത്തിപ്പിൽ വീഴ്ചകളും അപാകതകളും ഉണ്ടാകുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്.<br><br>സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ നടത്തിപ്പിൽ വീഴ്ചകളും അപാകതകളും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആയത് പരിഹരിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന പരിഹാര നടപടികൾ നടപ്പിലാക്കി വരുന്നു.<br><br>സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ടീം ഓഡിറ്റ് സംവിധാനം നടത്തുന്നതിന് അനുമതി നൽകി.<br><br>കമ്പ്യൂട്ടർവൽകൃത സംഘങ്ങളിൽ ഓഡിറ്റ് കാര്യക്ഷമമായി നിർവ്വഹിക്കത്തക്ക രീതിയിൽ ഓഡിറ്റർമാർക്ക് പരിശീലനം നൽകിവരുന്നു.<br><br>ഓഡിറ്റ് MATRIX-ന്റെ ഉപയോഗത്തിലൂടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധചെലുത്തുവാനുമുള്ള പരിശീലനം നൽകിയിട്ടുണ്ട്.<br><br>ഓഡിറ്റ് സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>സഹകരണവകുപ്പ് ആധുനികവത്കരണ ത്തിന്റെ ഭാഗമായി C-Dit മുഖേന നടപ്പിലാക്കിയിട്ടുള്ള Integrated Co-operative Department Management System പ്രോജക്റ്റിൽ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | | സഹകരണ സംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (C.A.M.I.S.) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.<br><br>സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘ ങ്ങളുടെ അടിസ്ഥാന വിവരങ്ങളും ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (C.A.M.I.S.)-ലൂടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം പൊതുജനങ്ങൾക്ക് കാണുന്നതി നുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br><br>മേൽ നടപടികളിലൂടെ ഓഡിറ്റ് സംവിധാനത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കൂടാതെ ഓഡിറ്റ് സുതാര്യവും ശാസ്ത്രീയവുമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമഗ്ര നിയമ പരിഷ്കരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകരിച്ച് പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയ ടീം ഓഡിറ്റ് സംവിധാനം സംസ്ഥാനം മുഴുവൻ നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | സഹകരണ ഓഡിറ്റ് സംവിധാനം ഫലപ്രദമായവിധം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ടീം ഓഡിറ്റ് സംവിധാനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു. |
| (സി) | ഓഡിറ്റിംഗിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും നിലവിൽ ബാക്കി ആയിട്ടുള്ള പരിശോധനകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | ഉണ്ട്. കുടിശ്ശിക ഓഡിറ്റ് പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി ഓഡിറ്റ് കുടിശ്ശിക ഉള്ള ജില്ലകളിലെ ഓഡിറ്റ് പൂർത്തീകരിക്കുന്നതിനാവശ്യമായ റിക്കോർഡുകളും സ്റ്റേറ്റ്മെന്റുകളും സമയബന്ധിതമായി സമർപ്പിച്ച സഹകരണ സ്ഥാപനങ്ങളിൽ ആക്ഷൻപ്ലാൻ തയ്യാറാക്കി ഓഡിറ്റ് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ